ഒരു വലൻറയിൻ കുറിപ്പ്

# അനുരാഗതുടിപ്പുകൾ

സുധീർ പണിക്കവീട്ടിൽ

പ്രേമം ദിവ്യമാണു. അനശ്വരമാണു. അനുഭൂതിദായകമാണു. ഉദിക്കുന്ന സൂര്യനെ പോലെയാണു. തിളങ്ങുന്ന ചന്ദ്രനെ പോലെയാണു. വിടരുന്ന പൂക്കളെ പോലെയാണു. നിത്യനിർമ്മലവും നിതാന്ത സുന്ദരവും ആണു. ഹ്രുദയഹാരിയും സുഗന്ധിയുമാണു. മനസ്സിൽ പ്രേമമുണ്ടാകുന്നു, മാംസത്തിൽ കാമമുണ്ടാകുന്നു. നിർമ്മലവും, നിഷ്കളങ്കവുമായ മനസ്സിലെ പ്രേമം ജനിക്കുകയുള്ളു. മാംസത്തിലാണെങ്കിൽ കാമവികാര ങ്ങളുടെ അലകൾ ഒഴിഞ്ഞനേരമില്ല. ലൈലയും, മജ്നുവും, ദേവദാസും പാർവതിയും, ഹീരയും രഞ്ചയും ഒക്കെ പ്രേമത്തിനു വേണ്ടി ജീവൻ വെടിഞ്ഞതു അവർ നിഷ്കളങ്കരായതുകൊണ്ടാണു.

ഒരു ഹിന്ദിസിനിമയിലെ പാട്ടിനിടക്കു നായകൻ പറയുന്നുണ്ടു. കിസ്സിസ്സെ പ്യാർ കർക്കെ ദേഖിയെ ജിന്ദകി കിത്തനി ഹസീൻ ഹെ? (ആരെയെങ്കിലും പ്രേമിച്ചു നോക്കു, അപ്പോളറിയാം ജീവിതം എത്ര സുന്ദരമാണെന്നു.) അനശ്വരനായ വയലാർ പാടി ”കൊതിതീരുംവരെ ഇവിടെ പ്രേമിച്ചു മരിച്ചവരുണ്ടൊ? പ്രേമത്തെ പലപ്പോഴും മനുഷ്യർ വ്യഭിചരിക്കുന്നതുകൊണ്ടാണു അതു തെറ്റിദ്ധരിക്കപെടുന്നതു.

പ്രേമം മാംസനിബദ്ധമാകുമ്പോൾ ചില്ലറ പ്രശ്നങ്ങൾ ഉത്ഭവിക്കുന്നു. “പ്രേമമെ നിൻ പേരു കേട്ടാൽ പേടിയാം – വഴി പിഴച്ച കാമകിങ്കരന്മാർ ചെയ്യും കടുംകൈകളാൽ.” മാംസം ഉപയോഗിച്ചു കഴിഞ്ഞാൽ കേടു വരാതെ സൂക്ഷിക്കണം. അതിനു ഒരു ഫ്രിഡ്ജ് വേണം. ഫ്രിഡ്ജിനു ഊർജ്ജം അല്ലെങ്കിൽ വൈദ്യുതി ആവശ്യമാണു. വൈദ്യുതിയുടെ കാര്യത്തിൽ അനാസ്ഥ കാണിച്ചാൽ ഷോക്കടിക്കും. അങ്ങനെ പോകുന്നു പൊല്ലാപ്പുകൾ. എന്നാൽ പ്രേമം അഭൗമമായ അനുഭൂതിയാണു. മുഖക്കുരു കവിളിൽ പൊട്ടുന്നകാലത്തു “ഞാൻ നിന്നെ പ്രേമിക്കുന്നു മാൻകിടാവെ” എന്നു മനസ്സുകൊണ്ടെങ്കിലും ഉരുവിടാതിരുന്ന ഒരു

ആൺകുട്ടിയുണ്ടെങ്കിൽ, ഉണ്ടായിരുന്നെങ്കിൽ അവനു മാതാപിതാക്കൾ കടുക്കകഷായം കോരി കൊടുത്തു കാണും. വാസന്ത പൗർണ്ണമി നാളിൽ പ്രിയമുള്ളോരാരോ വരുമെന്നു ഒരിക്കലെങ്കിലും കിനാവു കണ്ടിട്ടില്ലാത്ത ഒരു പെൺകുട്ടിയുമുണ്ടാകില്ല. മലയാളികളിൽ മിക്കവരും സത്യസന്ധമായും മറച്ചുവച്ചും ഉറക്കെ പറയുന്ന സ്വയം സ്വഭാവ സർട്ടിഫിക്കറ്റിലെ പ്രമാദമായ വാചകം "ഞാൻ വിവാഹത്തിനു മുമ്പു പ്രേമിച്ചിട്ടില്ല" എന്നുള്ളതു വാസ്തവത്തിൽ ശരീരശുദ്ധിയെപ്പറ്റിയാണു. മനസ്സിന്റെ സ്വകാര്യമുറികളിൽ ആരും ഒരുകാലത്തും അറിയാത്ത വിരുന്നുകാരുണ്ടായിരുന്നുവെന്നു ഒരിക്കലും തെളിയാത്ത സത്യമായി അവശേഷിക്കുന്നു. ചില വല്ല്യമ്മമാർ പല്ലും നഖവും കൊഴിയുമ്പോൾ അവരുടെ യൗവ്വന കാലത്തു തോന്നിയ ശ്രുംഗാരസ്ഫുരണങ്ങളുടെ രഹസ്യ കഥകൾ പല്ലില്ലാത്ത മോണകാട്ടി വെളിപെടുത്താറുണ്ടു.

ചരിത്രത്തിന്റെ താളുകളിൽ അനശ്വരപ്രേമത്തിന്റെ അനവധി കഥകൾ നമ്മൾ വായിക്കുന്നു. ഇതിഹാസങ്ങളുടെ ഏടുകളിൽ നിന്നു എഴുത്തുകാർ മെനഞ്ഞെടുത്ത കഥകളിലും പ്രേമത്തിന്റെ ദിവ്യമായ അനുഭവവും അതു സാക്ഷാത്കരിക്കപെടാൻ ഭാഗ്യമില്ലാതിരുന്ന കമിതാക്കൾ മരണം കൈവരിച്ചതും ഭംഗിയായി വിവരിച്ചിരിക്കുന്നു. പ്രേമിക്കുന്ന പെൺകുട്ടികളുടെ വീരനായകനാണു വടക്കെഇന്ത്യയിൽ പ്രുത്വിരാജ് ചൗഹാൻ. ജയചന്ദ് രാജാവിന്റെ മകളായ സംയുക്തയും പ്രുത്വിരാജ് ചൗഹാനും അനുരാഗബദ്ധരായി. അഛന്റെ എതിർപ്പിനെ അവഗണിക്കാൻ സംയുക്ത തയ്യാറായപ്പോൾ ഒറ്റക്കു ഒരു കുതിരപ്പു റത്തു വന്നു കാമുകിയെ ധീരതയോടെ കൂട്ടികൊണ്ടു പോയയാളാണു പ്രുഥിരാജ്. ആ വൈരാഗ്യം തീർക്കാൻ ജയചന്ദ് പ്രുഥിയെ ഒരു മുസ്ലിം സുൽത്താനു ഒറ്റികൊടുത്തു. ആ ഒറ്റികൊടുക്കൽ ഭാരതത്തിൽ മുസ്ലിം ഭരണത്തിനു തുടക്കം കുറിച്ചുവെന്നു വിശ്വസിക്കപ്പെടുന്നു.

ദുഷ്യന്തനു ശകുന്തളയോടു തോന്നിയതു അനുരാഗമല്ലായിരുന്നു എന്നു ഈ ലേഖകൻ വിശ്വസിക്കുന്നു. അതു വെറും പച്ചകാമമായിരുന്നു. ശകുന്തള നടന്നപ്പോൾ നിതംബങ്ങളുടെ ഭാരം കൊണ്ടു ഉപ്പുറ്റി മണ്ണിൽ താഴ്ന്നുകിടക്കുന്നതു നോക്കി രതിരസം നുണയുന്ന ദുഷ്യന്തന്റെ മനസ്സിൽ നിർമ്മലരാഗമല്ലായിരുന്നു. മുനികന്യകയുടെ അഴകുള്ള അ ംഗോപാംഗങ്ങളിലേക്കു കാമക്കണ്ണുകൾ അയച്ചു മന്നവൻ നിന്നു കൊതിയൂറി. ഇണയോടു തോന്നുന്ന വികാരത്തിനു മുഴുവനായി മനുഷ്യൻ പ്രേമം എന്നു വിളിക്കുന്നതു ശരിയല്ല. ഇപ്പോൾ പീഡനം

എന്ന ഒരു വാക്കു ഉദയം ചെയ്തിട്ടുള്ളതു കാലത്തിൻെറ ആവശ്യമായതുകൊണ്ടായിരിക്കും.

തന്നെക്കാൾ ആറു വയസ്സിനു ഇളയപുരുഷനെ ഭർത്താവായി സ്വീകരിച്ച ആംഗലകവയത്രി എലിസബത്തു ബ്രൗണിങ്ങിൻെറ പ്രേമ വിവാഹമായിരുന്നു. കവിയായ റോബർട്ട് ബ്രൗണിങ്ങിനെയാണു അവർ വിവാഹം ചെയ്തതു. അദ്ദേഹത്തിനു വേണ്ടി അവർ രചിച്ച കവിതയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. "എൻെറ ആത്മാവിൽ നിൻെറ കാലടി സ്വരം കേട്ടപ്പോൾ ഭൂമിയുടെ മുഖഛായ മാറിപോയി" ഇംഗ്ലണ്ടിലെ ഡ്യുക്കായിരുന്ന എഡ്വേർഡ് എട്ടാമൻ രണ്ടുതവണ വിവാഹമോചനം തേടിയ ഒരമേരിക്കകാരിയെ വിവാഹം കഴിക്കാൻവേണ്ടി അദ്ദേഹത്തിനു കിട്ടേണ്ടിയിരുന്ന സിംഹാസനം വേണ്ടെന്നുവച്ചു. രാജാവാകു ന്നതിനേക്കാൾ പ്രേമിച്ചപെണ്ണിനെ സ്വന്തമാക്കുന്നതു സന്തോഷകരമെന്നു അദ്ദേഹം കരുതി. നോക്കണേ പ്രേമത്തിൻെറ ഒരു മാസമരശക്തി.

പ്രേമവിവശനായി ദൽഹി സിംഹാസനം ഒരു നർത്തകിയുടെ കാൽ കീഴിൽ വക്കാൻ തയ്യാറായ ഒരു പാദുഷയെപറ്റി വായനക്കാർ കേട്ടിരിക്കും. ജഹാംഗീർ ചക്രവർത്തി. അദ്ദേഹത്തിൻെറ പ്രേമം പൂവണിഞ്ഞില്ല. വേറെ വിവാഹം കഴിച്ചെങ്കിലും മനസ്സിൻെറ ചെപ്പിൽ അനാർക്കലിയെന്ന പെൺകുട്ടിയെ ജഹാംഗീർ കൊണ്ടുനടന്നു. അവളെ കുറിച്ചു കവിത വരെ എഴുതി. "ഭൂമിയിലെ മനുഷ്യൻെറ അന്ത്യവിധി നടപ്പാക്കുന്ന ദിവസം അനാർക്കലിയുടെ സുന്ദരവദനം ദർശിക്കാൻ ഭാഗ്യമുണ്ടാകുകയാണെങ്കിൽ അദ്ദേഹം അല്ലാഹുവിനോട് നന്ദി പറയുമെന്നാണു കവിത.

കവിയും, കാമുകനും, ഉന്മാദിയും ഒരേ കൂട്ടത്തിൽ പെടുത്താവുന്നവരാണെന്നു ഷേക്സ്ഫിയർ അഭിപ്രായപെടുന്നു. മനുഷ്യ നീ മണ്ണാകുന്നു എന്നു മതം പറയുമ്പോൾ റഷ്യയിൽ നിന്നും പുഷ്കിൻ എന്ന കവി പറയുന്നു **"Not all of me is dust.** പ്രേമലോലുപരാകുമ്പോൾ കവികൾ മനോഹരമായ കവിതകൾ രചിച്ചിട്ടുണ്ടു. പ്രത്യേകിച്ചു വിപ്രലംബശൃംഗാരഭാവത്തിൽ നിന്നു ടലെടുത്തിട്ടുള്ള സന്ദേശകാവ്യങ്ങൾ മനുഷ്യഹ്രുദയങ്ങളെ എക്കാലവും വശീകരിച്ചിട്ടുണ്ടു. വലിയകോയിതമ്പുരാൻെറ മയൂരസന്ദേശത്തിലെ താഴെ കൊടുക്കുന്ന വരികൾ വായിക്കുക.

കോടക്കാർ കൊണ്ടിരുളിയലുമീയമ്പരം
കാണവെ മാൻ
പേടക്കണ്ണാൾ വിരഹവിധുരീ
ഭാവമാർന്നെൻെറ നാഥ
കൂടെകൂടെക്കരയുമതിനാലാശു നീ
യന്തികേ ചെന്നാടൽക്കെല്ലാമറുതിയുളവാ
ക്കേണമെൻ ക്ഷേമമോതി

പ്രേമത്തെ ആധാരമാക്കിയുള്ള രചനകൾ മറ്റുഭാഷകളിലുമുണ്ടു. ഹിന്ദിയിലേയും, ഉറുദുവിലേയും, ഗസലുകളും, ഷയരികളും കവി ഭാവനയുടെ ഉദാത്ത മേഖലകൾ തേടുന്നവയാണു. ഈ ലേഖകൻ കേട്ട ഒരു ഹിന്ദി-ഉറുദു ഗസലിൻെറ സ്വതന്ത്ര വിവർത്തനം ഇങ്ങനെ: കാമുകൻ ഓർക്കുന്നപോലെയാണു ആവിഷ്കാരം. "എൻെറ പേരു പുസ്തകതാളിൽ എഴുതുമ്പോൾ ലജ്ജകൊണ്ടു വിടരുന്ന ചുണ്ടിനെ അവൾ കൈവിരലുകൾകൊണ്ടു മറയ്ക്കുന്നുണ്ടാകും. സ്വപ്നങ്ങളുടെ കരവലയങ്ങളിൽ എന്നെ പുണർന്നുകൊണ്ടു അവൾ ഉറക്കത്തിൽ മന്ദഹസിക്കുന്നുണ്ടാകും. മനസ്സിൽ പ്രേമംനിറയുമ്പോൾ കവികൾ കുത്തി കുറിക്കാത്തെന്താണു? ഇംഗ്ലീഷിൽ ഈ ലേഖകൻ വായിച്ച ഒരു കവിത ഓർമ്മയിൽ നിന്നും സ്വതന്ത്ര വിവർത്തനം ചെയ്യുന്നു. ഇവിടെ നായകൻ നായികയോടു പറയുന്നതാണു സന്ദർഭം. മനോഹരങ്ങളാണു നീ താമസിക്കുന്ന പർവ്വതനിരകളും, ഫലങ്ങൾ നിറഞ്ഞ പ്രകാശമാനമായ താഴ്വരകളും. അവിടത്തെ അരുവികളുടെ നിർത്ധരി കേട്ടു നീ പാടുന്ന പാട്ടുകൾ അതിമനോഹരങ്ങളാണു. എവിടെയാണു ആ മനോഹരമായ താരണി കാനനപ്രദേശം. ആ അഭൗമമായ അന്തരീക്ഷത്തിൽ എല്ലാ കാലത്തും വിടർന്നുവിലസുന്ന പൂക്കൾക്കിടയിലൂടെ എനിക്കു ചുറ്റി നടക്കണം.

മുഗൾസാമ്രാജ്യത്തിലെ സൗന്ദ്യരാരാധകനായ ഷാജഹാൻ ചക്രവർത്തി പ്രിയപത്നി മുംതാസിൻെറ ഓർമ്മക്കായി വെണ്ണകല്ലിൽ ഒരു സ്മാരകം പണിതു. ഇരുപതു വർഷംകൊണ്ടു ഇരുപതിനായിരം ജോലിക്കാർ കെട്ടിയുയർത്തിയ സ്നേഹസ്മാരകം ലോകത്തിലെ ഏഴു അത്ഭുതങ്ങളിൽ ഒന്നായി നിലകൊള്ളുന്നു. കാലത്തിൻെറ കപോലത്തിൽ ഒരു കണ്ണുനീർത്തുള്ളി എന്നു വിശ്വമഹാകവി രവീന്ദ്രനാഥ് ടാഗോർ ഈ സ്മാരകത്തെ വിശേഷിപ്പിച്ചിരിക്കുന്നു.

ടൈമൂറിൻെറ സുന്ദരിയായ ബീബി ജൈത്രയാത്ര കഴിഞ്ഞു തിരിച്ചെത്തുന്ന സുൽത്താനു തൻെറ അനുരാഗത്തിൻേറയും അഭിനന്ദനത്തിൻെറയും ചി□ മായി നൽകാൻ ഒരു വെണ്മണിസൗധം വേണമെന്നാഗ്രഹിച്ചു. അതിനായി വിദഗ്ദ്ധനായ ഒരു ശിൽപ്പിയേയും വരുത്തി. എന്നാൽ ഏഴഴകും തികഞ്ഞ അതി സുന്ദരിയായ സുൽത്താനയെ കണ്ടു ശിൽപ്പിയുടെ ഹ്രുദയം മിടിച്ചു. സൗധത്തിൻെറ പണിതീർക്കാൻ പ്രതിഫലമായി ശിൽപ്പി ചോദിച്ചതു "ബീബി തൻ കപോലത്തിൽ ഒരു ചുംമ്പനം മാത്രമായിരുന്നു". നിവ്രുത്തിയില്ലാതെ ബീബി ശിൽപ്പിയുടെ ആഗ്രഹത്തിനു വഴങ്ങി. എന്നാൽ ശിൽപ്പി ചുംബിച്ച കവിളിൽ ഒരു വട്ടകല കരുവാളിച്ചു കിടന്നു. കഴുകീട്ടും, തുടച്ചിട്ടും, നുള്ളിയിട്ടും മാഞ്ഞുപോകാത്ത ഒരു കല. പ്രേമശിൽപ്പി എന്ന പേരിൽ യശ്ശ്ശരീരനായ എസ്സ്.കെ. പൊറ്റെക്കാട് പ്രസ്ഥുത കഥ കവിതയിലാക്കീട്ടുണ്ടു.

സോളമൻ ചക്രവർത്തിക്കു ഒരു ഇടയ കന്യകയിൽ ജനിച്ച അഭിനിവേശം ഒരു മനോഹരമായ കാവ്യമായി രൂപാന്തരംകൊണ്ടു. "നീ എൻെറ ഹ്രുദയത്തെ അപഹരിച്ചിരിക്കുന്നു. ഒരു നോട്ടം കൊണ്ടും കഴുത്തിലെ മാല കൊണ്ടും നീ എൻെറ ഹ്രുദയത്തെ അപഹരിച്ചിരിക്കുന്നു. എൻെറ സഹോദരി, എൻെറ കാന്തേ നിൻെറ പ്രേമം എത്ര മനോഹരം," ഉത്തമ ഗീതത്തിൽ നമ്മൾ വായിക്കുന്നു. ബൈബിളിലെ ഉത്തമഗീതം എന്നറിയപെടുന്ന ഈ സുന്ദരസ്രുഷ്ടി മതവിശ്വാസികൾ "സഭക്കു ക്രുസ്തുവിനോടുള്ള" സ്നേഹത്തെകുറിച്ചു പ്രതിപാദിക്കുന്നതായി കരുതപെടുന്നു. എന്തായാലും ഏകദേശം മുവ്വായിരം വർഷങ്ങൾക്കുമുമ്പു രചിച്ച ഈ ക്രുതി അതുല്യ സാഹിത്യസ്രുഷ്ടിയായി നിലകൊള്ളുന്നു. ഇതിലെ നായികയായ അജപാലബാലിക ചക്രവർത്തിയുടെ കൊട്ടാരത്തിലെ പ്രൗഡിയും ആഡംബരങ്ങളും കണ്ടു മോഹിക്കപെടുന്നില്ല. അവൾ ആരിൽ അനുരക്തയാണൊ അയാളിൽ അവൾ മനസ്സൂന്നി അടിയുറച്ചു നിന്നു. ഒരു പ്രലോഭനങ്ങൾക്കും അവളെ വശീകരിക്കാൻ സാധിച്ചില്ല. ചക്രവർത്തി അവളെ അവളുടെ കാമുകനു തന്നെ നൽകി. അനശ്വര പ്രേമത്തിൻെറ മറ്റൊരു കഥ.

ഞാൻ എൻെറ പ്രിയന്നുള്ളവൾ
അവൻെറ ആഗ്രഹം എന്നോടാകുന്നു
പ്രിയാ, വരിക, നാം വെളിമ്പ്രദേശത്തു പോക
നമുക്കു ഗ്രാമങ്ങളിൽ ചെന്നു രാപാർക്കാം

പ്രേമിക്കുന്നവർക്കു എല്ലാ ദിവസവും വലൻറയിൻ ദിനമാകട്ടെ. അവർ അതികാലത്തു എഴുന്നേറ്റു സ്നേഹത്തിൻെറ മുന്തിരിവള്ളി തളിർക്കുകയും, പൂവിടരുകയും, മാതളനാരകം പൂക്കയും ചെയ്തുവൊ എന്നു നോക്കട്ടെ. അവിടെ വച്ചു അവർ പ്രേമം പങ്കുവക്കട്ടെ.

എല്ലാ വായനക്കാർക്കും, എഴുത്തുക്കാർക്കും, അഭ്യുദ്യയകാംക്ഷികൾക്കും, അവരുടെ പ്രേമഭാജനങ്ങൾക്കും നിതാന്തവും, പ്രേമനിർഭരവുമായ വലൻറയിൻ ദിനങ്ങൾ ആശംസിച്ചുകൊണ്ടും പ്രേമിച്ച പെൺകുട്ടിയെ മറക്കേണ്ടിവന്ന ഒരു കാമുകൻെറ ഹ്രുദയവികാരങ്ങൾ ചേതോഹരമായി വർണ്ണിക്കുന്ന ശ്രീ പി.ഭാസ്കരൻെറ ഒരു കവിത താഴെ ഉദ്ധരിച്ചുകൊണ്ടും ഈ കുറിപ്പു ചുരുക്കുന്നു.

ആയിരം വികാരങ്ങൾ, ആയിരം സങ്കൽപ്പങ്ങൾ
ആയിരം വ്യാമോഹങ്ങൾ ഇവയിൽ മുങ്ങി തപ്പി
പണ്ടത്തെ കളിതോഴൻ കാഴ്ച്ചവക്കുന്നു മുന്നിൽ
രണ്ടു വാക്കുകൾ മാത്രം "**ഓർക്കുക വല്ലപ്പോഴും**"

**ശുഭം**